**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4126** **09-08-2021 - ൽ മറുപടിയ്ക്ക്**

**എൻജിനീയറിങ്ങ് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ ഇലക്ട്രോണിക്സ് വിഭാഗത്തിലെ യോഗ്യതയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എൻജിനീയറിങ്ങ് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | (എ) | പൊതുമരാമത്ത് വകുപ്പിന്റെ സ്പെഷ്യൽ റൂളുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ അംഗീകൃത സർവ്വീസ് സംഘടനകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂളുകൾ ഭേദഗതി വരുത്തുന്നതിനുള്ള ശുപാർശകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിലെ എൻജിനീയറിംഗ് അസിസ്റ്റന്റ് തസ്തികയുടെ 10% ഒഴിവുകളിലേയ്ക്ക് വകുപ്പിലെ യോഗ്യരായ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് നിയമനം നൽകുന്നതിന് ഉതകുന്ന രീതിയിൽ (03.02.1967-ലെ ജി.ഒ(എം.എസ്) നം.26/67/ പിഡബ്ല്യൂ) സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള ശുപാർശയും ഉൾപ്പെട്ടിട്ടുണ്ട്. ഇത് ഉൾപ്പെടെയുള്ള എല്ലാ ശുപാർശകളും സർക്കാർ പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ